പി.എ സൈനുദ്ദീൻ
sainpanachikkal@gmail.com

# തെറ്റല്ലെങ്കിലും കുഴപ്പത്തിൽ ചാടിക്കുന്ന കാര്യങ്ങൾ

عَنْ عَطِيَّةَ السَّعْدِيِّ رَضِيَ اللهُ عَنْهُ ، قَالَ: قَالَ رَسُولُ اللَّهِ صلى الله عليه وسلم : لاَ يَبْلُغُ الْعَبْدُ أَنْ يَكُونَ مِنَ الْمُتَّقِينَ، حَتَّى يَدَعَ مَا لاَ بَأْسَ بِهِ ، حَذَرًا لِمَا بِهِ الْبَأْسُ (رواه الترمذي)

**അത്തിയ്യ സഅ്ദി(റ)യിൽനിന്ന്. റസൂൽ (സ) പറഞ്ഞു: "തെറ്റല്ലാത്ത ഒരു കാര്യം, കുഴപ്പത്തിൽ ചാടുമെന്ന് പേടിച്ച്, ഉപേക്ഷിക്കുന്നതുവരെ ഒരാളും യഥാർഥ മുത്തഖിയാവുന്നില്ല" (തിർമിദി).**

ദൈവകൽപനകൾ ജീവിതത്തിൽ പ്രാവർത്തികമാക്കലും നിഷിദ്ധങ്ങളെ വർജിക്കലുമാണ് തഖ്‌വ. അതിലൂടെയാണ് സത്യവിശ്വാസി പാരത്രിക ജീവിതത്തിൽ സുരക്ഷിതനായിത്തീരുക. എന്നാൽ, തഖ്‌വയുടെ പൂർണത എന്ന് പറഞ്ഞാൽ കറാഹത്തുകളോട് വിരക്തി കാണിക്കലും ഹലാൽ-ഹറാമുകൾക്കിടയിലെ അവ്യക്തമായ കാര്യങ്ങളിൽ കുടുങ്ങാതിരിക്കലും വ്യക്തിപരമായി യാതൊരു പ്രയോജനവുമില്ലാത്ത വിഷയങ്ങളിൽ തലയിട്ട് സ്വയം നശിക്കാതിരിക്കലും കൂടിയാണെന്ന് ഇബ്നുൽ ഖയ്യിം പറഞ്ഞിട്ടുണ്ട്.

മതബോധമുള്ള ഒരു മുസ്‌ലിം അഭിമുഖീകരിക്കേണ്ടിവരുന്ന രണ്ട് പ്രശ്നങ്ങളിലേക്കാണ് ഈ ഹദീസ് വിരൽചൂണ്ടുന്നത്: ഒന്ന്, ഹലാലിനും ഹറാമിനുമിടയിലുള്ളതെന്ന് പറയാവുന്ന ഒരു പ്രശ്നമുണ്ടാകുമ്പോൾ എന്തുചെയ്യണമെന്ന ആശയക്കുഴപ്പം. രണ്ട്, നിരുപദ്രവകരമായിതോന്നുന്ന കാര്യങ്ങളോടുള്ള അന്ധമായ സമീപനം. ഈ രണ്ടവസ്ഥകളിലും നയപരമായ രീതി സ്വീകരിക്കാത്ത പക്ഷം കഷ്ടപ്പെട്ട് നേടിയെടുത്ത തഖ്‌വയുടെ സുരക്ഷിത മേഖലകളിൽനിന്ന് ബഹുദൂരം അകന്ന് പല കുഴികളിലും പോയി ചാടാൻ ഇടയുണ്ട്. ഇസ്‌ലാമിക ജീവിതവുമായി ബന്ധപ്പെട്ട ഒരുപാട് സങ്കീർണതകളുടെ കുരുക്കഴിക്കാൻ ഖുലഫാഉർറാശിദുകളുടെ കാലം മുതലിങ്ങോട്ട് ജ്ഞാനികൾ അവരുടെ ജീവിതം തന്നെ സമർപ്പിച്ചത് എന്തുകൊണ്ടും ആശ്വാസമാണെങ്കിലും, അവരുടെ കൃതികളിലെ ചില ഉദ്ധരണികളും മറ്റും അടർത്തിയെടുത്ത് ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതും ദുർവ്യാഖ്യാനങ്ങൾ നടത്തി ജനത്തെ വഴിതെറ്റിക്കുന്നതും വിവരദോഷികളുടെ പതിവു രീതിയായിത്തീർന്നിട്ടുണ്ട്.

അല്ലാഹുവും അവന്റെ റസൂലും തിന്മകളിലേക്കുള്ള മാർഗം കൊട്ടിയടക്കുന്നതിന്റെ ഭാഗമായി പ്രത്യക്ഷത്തിൽ അനുവദനീയം എന്നു തോന്നുന്ന പല കാര്യങ്ങളും നിഷിദ്ധമാക്കിയിരുന്നതായി നമുക്കറിയാം. ഉദാഹരണത്തിന് മദ്യപിച്ചില്ലെങ്കിലും മദ്യപാന സഭകളിൽ പങ്കെടുക്കുക, അന്യസ്ത്രീപുരുഷന്മാർ ഒരു സ്ഥലത്ത് ഒറ്റപ്പെടുക പോലുള്ള കാര്യങ്ങളിൽ എത്രകണ്ട് ശ്രദ്ധ പുലർത്തിയാലും പ്രലോഭനങ്ങളെ അതിജയിക്കാനുള്ള കഴിവില്ലായ്മ മനുഷ്യസഹജമാണെന്നതിനാൽ അക്കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചക്കും ഇസ്‌ലാം തയാറല്ല. അപ്പോൾ പിന്നെ ഒരു വ്യക്തതയുമില്ലാത്ത കാര്യങ്ങളെ നാമെങ്ങനെ കണ്ണുമടച്ച് വിശ്വസിച്ച് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കും.!

അബുദ്ദർദാഅ് (റ) പറഞ്ഞു: 'മുത്തഖിയാകാൻ ഉദ്ദേശിക്കുന്ന അല്ലാഹുവിന്റെ ഒരു ദാസന്റെ കർമങ്ങളിൽ ഒരണുമണിത്തൂക്കം കലർപ്പും കാണുകയില്ല.' ഹറാമിൽ പെട്ടുപോകുമെന്ന ഭയത്താൽ ശരിയെന്നു തോന്നുന്ന കാര്യങ്ങളിൽ അധികവും ചിലപ്പോൾ ഉപേക്ഷിക്കേണ്ടതായി വരും. 'അല്ലാഹുവിനെ സൂക്ഷിക്കേണ്ടതുപോലെ സൂക്ഷിക്കുക' എന്ന ഖുർആനിക കൽപ്പന ഇതു തന്നെയാണ് നമ്മെ ഉണർത്തുന്നത്. തെറ്റാകാൻ സാധ്യതയുള്ള ശരികളെ ഉപേക്ഷിക്കുന്നതുകൊണ്ട് മനുഷ്യൻ എന്ന നിലക്കും വിശ്വാസി എന്ന നിലക്കും ഒരു ദോഷവും വരാനില്ലെങ്കിൽ അത് ഉപേക്ഷിക്കുകയായിരിക്കും നന്നാവുക. എല്ലാ ശരികളും ചിലപ്പോൾ അത്രകണ്ട് ശരിയാകണമെന്നുമില്ല. ചരിത്രപുരുഷന്മാരുടെ അനുഭവങ്ങൾ ഇത്തരം കാര്യങ്ങളിൽ അവരെത്ര സൂക്ഷ്മാലുക്കളായിരുന്നുവെന്ന് തെളിയിക്കുന്നു. രണ്ടാം ഖലീഫ ഉമർ(റ) പൊതുഖജനാവ് കൈകാര്യം ചെയ്തിരുന്നത് എത്ര കണിശതയോടെയായിരുന്നുവെന്ന് ഒരു സംഭവം മനസ്സിലാക്കിത്തരുന്നുണ്ട്. ഹിജ്റ ചെയ്തുവന്ന സ്വഹാബികൾക്ക് ഒരിക്കൽ അദ്ദേഹം സഹായധനമായി നൽകിയ സംഖ്യയിൽ തന്റെ മകൻ അബ്ദുല്ലക്ക് നൽകിയതിൽ കുറവ് വരുത്തി. അതിനെക്കുറിച്ച് ചോദിച്ചപ്പോൾ ഉമറിന്റെ മറുപടി ഇങ്ങനെ: 'എല്ലാവരും സ്വന്തം ഇഷ്ടപ്രകാരം ഹിജ്റ ചെയ്തു മദീനയിലെത്തിയപ്പോൾ അബ്ദുല്ലയെ അവന്റെ പിതാവ് ചെറുപ്പത്തിൽ ഒപ്പം കൊണ്ടുവന്നതാണ്.'

വർത്തമാന സാഹചര്യത്തിലും ഭാവിയിലും അനർഥങ്ങളുണ്ടാവില്ലെന്നുറപ്പുള്ളപ്പോൾ മാത്രമേ വ്യക്തമായ ദൈവവിധി വന്നിട്ടില്ലാത്ത കാര്യങ്ങൾ പ്രാവർത്തികമാക്കാവൂ എന്ന മുന്നറിയിപ്പാണ് ഈ പ്രവാചക വചനം നൽകുന്നത്. ●